**THE VILLAGE INTERNATIONAL SCHOOL,THODUPUZHA**
**TERM 1 EXAMINATION 2023-2024**
**MALAYALAM(CODE -012)**

**ANSWER KEY**

1.a. നാണു
1.b. ചട്ടമ്പി സ്വാമികൾ
1.c.അനുകമ്പാ ദശകം
1.d.കുമാരനാശാൻ
1.e.1882
1.f.1877
1.g.കുമാരനാശാൻ
1.h.1903 മെയ് 15
2.a.ജ്ഞാനപീഠം
2.b.ജി ശങ്കരക്കുറുപ്പ്
2.c.1965
2.d.എം ടി വാസുദേവൻ നായർ
2.e.കയർ
2.f.ജി ശങ്കരക്കുറുപ്പ്
2.g.ഓടക്കുഴൽ
3.a.ഭാര്യ
3.b. തീർച്ച - ജോലി
3.c.ചിരഞ്ജീവി
3.d.ഹസ്തി
3.e. പൗര
3.f. മന്നൻ
3.g.പൂരിതമായ ആഭ
3.h.ബാലജീവിതഘാതി
3.i. പരിസമാപ്തി
3.j. ദ്രൗണി
4.a.i.കൃഷ്ണൻ
ii. ഓഘവതീ നദീതീരത്ത്
4.b.i. ദിവാകരൻ
ii. കുമാരനാശാൻ
4.c.i. കടൽത്തീരത്ത്
ii.കാക്കരദേശത്തെ ഉറുമ്പുകൾ

4.d.i. നളിനിയെ

ii.ഒരു സ്നേഹം

4.e.i.ദ്രൗണിയെ

ii.നിരൂപണം

4.f.i.ദുര്യോധനൻ

ii.സമന്തപഞ്ചകത്തിൽ

4.g.i. കുട്ട്യസ്സൻമാപ്പിള വെള്ളായിയപ്പനോട്

ii.15 ഉറുപ്പികയും നാലണയും വെള്ളായിയപ്പൻ കുട്ട്യസ്സന് നൽകാൻ ഉണ്ട് എന്ന് പറഞ്ഞപ്പോൾ

4.h.i.ധൃഷ്ടദ്യുമ്നൻ

ii.അശ്വത്ഥാമാവിനെ

4.i.i.ഭാര്യ ഭർത്താവിനെ

ii.അമ്മയെ ഉപേക്ഷിക്കാത്തതിന്

4.j.i. ഹൃഷികേശൻ

ii. ദ്രൗണി

5.a.i.ദ്രൗണി പുറത്തു കടന്ന് മറ്റ് ശിബിരങ്ങളിലേക്ക് പുറപ്പെട്ടപ്പോൾ- അംഗവാക്യം
സ്ത്രീകളും കാവൽക്കാരും നിലവിളി കൂട്ടി-അംഗിവാക്യം

Ii.ജീവിതത്തിൻറെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ - അംഗവാക്യം
ദരിദ്രനായ തയ്യൽക്കാരനാണ് ചാക്കുണ്ണി- അംഗിവാക്യം

5.b.i.യുദ്ധം ഇല്ലാത്ത സമയങ്ങളിൽ കൗരവരും പാണ്ഡവരും പരസ്പരം പ്രീതിയോടെ പ്രവർത്തിക്കണം

Ii.ആറാട്ട് കുന്നിൽ റേഡിയോ വാങ്ങിച്ച പ്രഥമ പൗരൻ ചാക്കുണ്ണി ആയിരുന്നു

5.c.i.പാണ്ഡവരാൽ പല കട്ടംകൈകളും ചെയ്യപ്പെട്ടിട്ടുണ്ട്

Ii.അയാൾ അപ്പോൾ ചുറ്റുപാടുമുള്ള യാത്രക്കാരാൽ ആദരവോടെ നോക്കപ്പെട്ടു

5.d ആശയം വ്യക്തമാക്കിയ സ്വന്തമായി നിർമിച്ച വാക്യത്തിന് മുഴുവൻ മാർക്കും കൊടുക്കാം പാഠപുസ്തകത്തിലെ വാക്യം സ്വീകാര്യമല്ല

6.a.ഉപന്യാസ മാതൃക-2 മാർക്ക്
അവതരണം-3 മാർക്ക് ആമുഖം വിഷയം ഉൾക്കൊണ്ടുള്ള അവതരണം ഉള്ളടക്കം ഭാഷാശൈലി അവതരണ രീതി ഉപസംഹാരം

6.b.രൂപ ഘടന
പ്രേക്ഷകൻ
മേൽവിലാസം

സ്വീകർത്താവ്
മേൽവിലാസം 2- മാർക്ക്
അഭിസംബോധന വിഷയ സൂചനകൾ
ആമുഖം ഉള്ളടക്കം ഉപസംഹാരം
ഉപചാരവാക്ക് ഒപ്പ് പേര് ഇടതുവശത്ത് തീയതി സ്ഥലം 3- മാർക്ക്

6.c.രൂപ ഘടന 2- മാർക്ക് വാർത്തയുടെ അവതരണം 2മാർക്ക്
തലക്കെട്ട്

സ്വന്തം ലേഖകൻ
സ്ഥലം
ആമുഖം: വാർത്തയിലേക്ക് നയിക്കാൻ സഹായിക്കുന്ന വാർത്തയുടെ ഒരു സംഗ്രഹ രൂപം ഒന്നോ രണ്ടോ വാചകത്തിൽ
വാർത്തയുടെ വിശദീകരണം: സംഭവിച്ചത് എന്ത് എവിടെ എപ്പോൾ എങ്ങനെ ആരെല്ലാമാണ് ഉൾപ്പെട്ടത്
ഉപസംഹാരം

7.a.ധർമ്മക്ഷേത്രമായ കുരുക്ഷേത്രത്തിൽ വച്ച് നടന്ന ഭാരതയുദ്ധം തുടങ്ങുമ്പോൾ രണ്ടുചേരിക്കാരും തമ്മിൽ ചെയ്ത കരാർ ഇപ്രകാരമായിരുന്നു യുദ്ധം നടക്കാത്ത സമയങ്ങളിൽ ഇരുപക്ഷയും പണ്ടത്തെപ്പോലെ പരസ്പര പ്രീതിയോടെ പ്രവർത്തിക്കണം യുദ്ധം തുടങ്ങിയാൽ ഗജാശ്വരഥങ്ങളിൽ ഇരിക്കുന്നവർ ആ നിലയിലുള്ളവരോട് എതിർക്കാവൂ കാലാളോട്ടം അണി വിട്ടുപോയവനെ കൊല്ലരുത് പറഞ്ഞറിയിച്ചിട്ട് നേർക്കാവൂ ഓർക്കാതെയും ക്ഷീണിച്ച ഇരിക്കുന്നവരോട് അരുത് മറ്റൊരാളോട് നേരിടുന്നവനെ പ്രമാദം പറ്റിയവനെ പിന്തിരിഞ്ഞവനെ ആയുധം തീർന്നവനെ കവചം പോയവനെ ഒന്നും ഒരു വിധവും കൊല്ലരുത് ദൂതന്മാർ കുതിരകൾ ആയുധ ചുമട്ടുകാർ വാദ്യക്കാർ എന്നിവരെ ഒന്നും ഉപദ്രവിക്കരുത്

7.b.ഒ.വി.വിജയന്റെ അതിപ്രശസ്തമായ ഒരു കഥയാണ് "കടൽത്തീരത്ത്", വായനക്കാർ ക്ക് ഇത്രയും പ്രിയതരമായ മറ്റൊരു കഥയുണ്ടാവില്ല. എന്നതന്നെ പറയാം. അത്രയ്ക്കും ഹൃദ്യമാണ് അതിലെ ഭാഷയും പ്രമേയവും കഥാപാത്രങ്ങളും. തൂക്കിലേറ്റാൻ വിധിക്കപ്പെട്ട മകന്റെ വാർത്തയറിഞ്ഞ് ശവശരീരം ഏറ്റുവാങ്ങാനായി കണ്ണൂർ ജയിലിലേക്ക് യാത്ര തിരിക്കുന്ന നിസ്സഹായനായ ഒരു വൃദ്ധന്റെ ഹൃദയഭേദകമായ അനുഭവങ്ങളാണ് കഥയിലെ പ്രമേയം.വെള്ളായിയപ്പൻ യാത്ര പുറപ്പെടുമ്പോൾ ഉള്ള ഗ്രാമത്തിന്റെ ദുഃഖം മിഴിവോടെ തന്നെ കഥാരംഭത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. വീടുകളിൽ നിന്നുയരുന്ന നിലവിളി അയൽവീടുകളിലേക്ക് പടരുന്നു. വെള്ളായിയപ്പന്റെ കൂടെ പോകാൻ പാഴുതറയിലെ അമ്പതിൽചില്വാനം കുടിലുകളിലുള്ളവർ എല്ലാം തയ്യാറാണ്. പക്ഷെ ദാരിദ്ര്യമാണ് അവരെ അതിൽ നിന്നും പിന്തിരിപ്പിക്കുന്നത്. എങ്കിലും അവരുടെ മനസ്സ് വെള്ളായിയപ്പനൊപ്പമുണ്ട്. കുട്ട്യസ്സൻ മാപ്പിളയുടെയും നീലിയുടെയും നിസ്സഹായത നിറഞ്ഞ മൗനവും ആ ഗ്രാമത്തിന്റെ തന്നെയായിരുന്നു. കണ്ണൂരിലേക്കുള്ള തീവണ്ടിയാത്ര പാഴുതറ എന്ന ഗ്രാമത്തിനു വേണ്ടിയായിരുന്നു എന്ന് എഴുതുമ്പോൾ ഗ്രാമത്തിന്റെ ദു:ഖം എന്നത് പൂർണ്ണമാകുന്നു.

7.c."കാലമാകുന്ന പാമ്പ്" എന്നാണ് ഈ പ്രയോഗത്തിന്റെ അർത്ഥം. എഴുത്തച്ഛൻ വളരെ ഔചിത്യപൂർവ്വം ഉപയോഗിച്ചിരിക്കുന്ന ഒരു പ്രയോഗമാണിത്. സന്ദർഭത്തിന് വളരെ അനുയോജ്യമാണിത്. പാമ്പിന്റെ വായിൽ അകപ്പെട്ട തവള ജീവിതം ഇല്ലാതായിക്കൊണ്ടിരിക്കുന്ന അവസാന നിമിഷത്തിൽ പോലും ഇരയെ ലഭിക്കുവാൻ കൊതിക്കുന്നു. അതുപോലെ തന്നെയാണ് മനുഷ്യരുടെ കാര്യവും. കാലമാകുന്ന പാമ്പിന്റെ വായിൽ അകപ്പെട്ടവരാണ് മനുഷ്യരും. ഓരോ നിമിഷവും മരണത്തിലേക്കാണ് മനുഷ്യർ നീങ്ങുന്നത്. എന്നിരുന്നാലും പ്രസ്തുത സത്യം മനസ്സിലാക്കാതെ അവർ സുഖഭോഗങ്ങൾക്കായി അതിയായി ആഗ്രഹിച്ചുകൊണ്ടേയിരിക്കുന്നു. പാമ്പ് മരണത്തിന്റെ പ്രതീകമാണ്. അത് ഇഴയുംപോലെ കാലവും ഇഴഞ്ഞുനീങ്ങുന്നു. അതിലെ ജീവിതവും മരണത്തിന്റെ വായിലേക്ക് അടുത്തുകൊണ്ടേയിരിക്കുന്നു. വളരെ മനോഹരവും ഔചിത്യദീക്ഷയുള്ള തുമായ ഒരു പ്രയോഗമാണിത്. ജീവിതാസക്തിയുമായി പരക്കംപായുന്ന മനുഷ്യനെ ഇരുത്തി ചിന്തിപ്പിക്കുന്നതാണ് ഈ പ്രയോഗം

8.a.പകയുടെ പ്രതിരൂപമായ അശ്വത്ഥാത്മാവ് കൂട്ടക്കുരുതിയിലൂടെ കുരുക്ഷേത്രയുദ്ധത്തെ ഭീകര അന്ത്യത്തിലേക്ക് നയിക്കുന്നു.ശപിക്കപ്പെട്ടവൻ എന്ന വാക്കിന് പൂർണ്ണ അർത്ഥത്തിൽ അർഹനാണ് അശ്വത്ഥാമാവ്.മനുഷ്യമനസ്സുകളിൽ കുടികൊള്ളുന്ന

പകയുടെ പ്രതിരൂപമായി അശ്വത്ഥാമാവിനെ മാരാർ വിശേഷിപ്പിക്കുന്നു.സ്നേഹംകൊണ്ട് ഒന്നായവർ പോലും പകയ്ക്ക് അടിമപ്പെട്ട് ആപത്ത് ക്ഷണിച്ചുവരുത്തുന്നു.താൻ നശിച്ചാലും വേണ്ടില്ല തൻറെ ശത്രുവിന്റെ വംശം മുടിയണമെന്ന് വാശി

8.b.കുമാരനാശാന്റെ നളിനി എന്ന ഖണ്ഡകാവ്യത്തിലെ ഒരു ഭാഗമാണ് പ്രിയദർശനം എന്ന പാഠം. കാവ്യത്തിൽ കഥാനായികയായ നളിനി വർഷങ്ങൾക്കുശേഷം ഹിമാലയത്തിൽ വെച്ച് കഥാനായകനായ ദിവാകരനെ കണ്ടുമുട്ടുന്നതാണ് പാഠഭാഗത്തെ കഥാസന്ദർഭം.

വർഷങ്ങൾക്ക് ശേഷമാണ് നളിനി ദിവാകരനെ കണ്ടുമുട്ടിയതും സ്വയം പരിചയപ്പെടുത്താൻ തുടങ്ങുന്നതും. തന്നെ വേഗത്തിൽ തിരിച്ചറിയുവാൻ വേണ്ടിയാണ് നളിനി ഇപ്രകാരം പറയുന്നത്. പണ്ട് നമ്മൾ പ്രണയത്തിലായിരുന്നുവെന്നും എന്നാൽ സന്ന്യാസിയായപ്പോൾ ദിവാകരന് നല്ല മാറ്റങ്ങൾ വന്നു, പൂർവ്വാശ്രമകാര്യങ്ങൾ മറന്നു പോയിട്ടുണ്ടോ എന്ന സംശയവും ഇങ്ങനെ പറയാൻ നളിനിയെ പ്രേരിപ്പിച്ചിരിക്കാം.

8.c.ഒ വി വിജയന്റെ കടൽത്തീരത്ത് എന്ന കഥാസമാഹാരത്തിലേതാണ് കടൽത്തീരത്ത് എന്ന കഥ. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട മകൻ കണ്ടുണ്ണിയെ കാണാൻ വൃദ്ധനായ വെള്ളായിയപ്പൻ കണ്ണൂർ ജയിലിലേക്ക് പോകുന്നതും ശിക്ഷാവിധി കഴിഞ്ഞ് കണ്ടുണ്ണിയുടെ മൃതദേഹം ഏറ്റുവാങ്ങി സംസ്കരിക്കുന്നതു വരെയുള്ള സംഭവങ്ങളാണ് കടൽത്തീരത്ത് എന്ന കഥയിലൂടെ ഒ വി വിജയൻ പറയുന്നത്.

മലയാള ഭാഷയെ ഭാവാത്മകമായ സൗന്ദര്യത്തോടെ ഉപയോഗപ്പെടുത്തിയ എഴുത്തുകാരനാണ് ഒ.വി. വിജയൻ. അതിന്റെ ഏറ്റവും നല്ല തെളിവുറ്റ ഉദാഹരണങ്ങളാണ് ചോദ്യത്തിൽ എടുത്തുചേർത്തിരിക്കുന്നത്. "വെള്ളാ യിയച്ചോ" എന്ന ഒറ്റ വിളിയാൽ നിർത്തുകയാണ് നീലി. ആ ഒറ്റവിളിയിൽ തന്നെ സാന്ത്വനത്തിന്റെയും ആകാംക്ഷയുടെയും അന്വേഷണത്തിന്റെയും അതിതീവ്രവികാരം ആസ്വാദകർക്ക് വായിച്ചെടുക്കാം.

"നീലിയേ" എന്ന വെള്ളായിയപ്പന്റെ മറുപടിയിലും വെള്ളായിയപ്പന്റെ അന്തർസംഘർഷങ്ങളും അടക്കാനാവാത്ത ദു:ഖം വഴിയുണ്ടാകുന്ന നിസ്സംഗതയും നിരാശയും എല്ലാം തെളിഞ്ഞു കാണാം. അൽപമായ ഭാഷയിലൂടെ അനന്തമായ ഭാവവികാരപ്രപഞ്ചം സൃഷ്ടിക്കാൻ ഒ വി വിജയന്റെ ഭാഷയ്ക്ക് കഴിയുന്നു.

9.a.വാർദ്ധക്യം ബാധിച്ച് സ്വന്തം അമ്മയെ കൊണ്ട് കളയാൻ നോക്കുന്ന ഒരു മകൻറെ ചിത്രമാണ് അമ്മത്തൊട്ടിൽ എന്ന കവിതയിൽ അവതരിപ്പിക്കുന്നത്.കേടുവന്ന സാധനങ്ങൾ നമ്മൾ എറിഞ്ഞ് കളയുന്നതിന് തുല്യമാണ് ഇന്ന് പ്രായമായ മാതാപിതാക്കളെ മക്കൾ ഉപേക്ഷിക്കുന്നത്മാതാപിതാക്കൾക്ക് പ്രായമാകുന്നതോടെ അവരുടെ നടപ്പും ഇരിപ്പും പ്രവർത്തികളും വസ്ത്രധാരണവും ഒന്നും തന്നെ മക്കൾക്ക് ഇഷ്ടമില്ലാത്ത സ്ഥിതിയിലേക്ക് വരുന്നു. അവരുടെ രോഗങ്ങളും അവരുടെ അവശതകളും മക്കൾക്ക് ഭാരമായി മാറുന്നഅങ്ങനെ ഒരു സ്ഥിതി വരുമ്പോൾ അവരെ നമ്മൾ എറിഞ്ഞു കളയുന്ന കുപ്പിയും പാട്ടയും പഴയ വസ്തുക്കൾക്കും തുല്യമായി മാതാപിതാക്കളെ വൃദ്ധസദനങ്ങളിലേക്ക് ആരുമില്ലാത്ത വഴിയിടങ്ങളിലേക്ക് എറിഞ്ഞു കളയുന്ന സ്ഥിതിയാണ് ഇന്ന് നിലനിൽക്കുന്നത്

9.b.പാണ്ഡവർ ധർമ്മത്തിന്റെ മാർഗ്ഗത്തിൽ അല്ല തന്നെ വീഴ്ത്തിയതെന്നും പല കടുംകൈകളും അവർ തന്നോട് ചെയ്തിട്ടുണ്ടെന്നും ദുര്യോധനൻ വിശ്വസിക്കുന്നു ഭീമൻ മുറ തെറ്റിച്ചാണ് തന്നെ വീഴ്ത്തിയത് ഭരിച്ചും ശത്രുക്കളുടെ തലയിൽ കാൽ കയറ്റി വെച്ചിട്ടും ആണ് ഭൂമിയിൽ അടക്കിവാണത് പോലുള്ള അവസാനം ആർക്കും ലഭിച്ചിട്ടില്ല ഉറങ്ങുമ്പോൾ

ഓർക്കാപ്പുറത്തോ വിഷം തന്നോ കൊല്ലും പോലെയാണ് എന്നെ കൊല്ലുന്നത് അവസാനശ്വാസം വരെ യുദ്ധ ധർമ്മം തെറ്റിക്കാതെ യുദ്ധം ചെയ്ത് പടക്കളത്തിൽ വച്ച് വീരമൃതിവരിക്കുന്ന ഒരു പടയാളിയാണ് താനെന്നും സ്വർഗം തനിക്ക് കിട്ടുമെന്ന് ദുരോദനം വിശ്വസിക്കുന്നു

9.c.ഭാര്യയുടെ നിർദ്ദേശപ്രകാരം അമ്മയെ ഉപേക്ഷിക്കാൻ പോകുന്ന മകൻറെ കഥയാണ് അമ്മത്തൊട്ടിൽ എന്ന പാഠഭാഗം അമ്മയെ ഉപേക്ഷിക്കാൻ പലസ്ഥലങ്ങളും അയാൾ കണ്ടെത്തുന്നു എന്നാൽ അവിടെ ഓരോ സ്ഥലത്തും അമ്മയുമായുള്ള ഓർമ്മകൾ അയാളെ പിന്തിരിപ്പിക്കുന്നു ജനറൽ ആശുപത്രിയുടെ മുന്നിൽ അമ്മയെ ഉപേക്ഷിക്കാൻ ചെല്ലുന്ന മകന് പണ്ട് പനിപിടിച്ചതും അമ്മ തനിക്ക് കൂട്ടിരുന്നതും ഓർക്കുമ്പോൾ അന്ന് തനിക്ക് ലഭിച്ച സൂചിപ്രയോഗത്തിന്റെ നീറ്റൽ ആ മകൻറെ മനസ്സിലൂടെ കടന്നുപോകുന്നു സ്കൂളിലെ ഓർമ്മകളും അമ്മ തന്നെ പൊതിഞ്ഞുപിടിച്ച് ജീവിപ്പിച്ചതും ആ മകൻ ഓർക്കുന്നു